15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99 | 19-06-2024 - ൽ മറുപടിയ്ക്ക്

## വർക്കല ഫ്ലോട്ടിംഗ് ബ്രിഡ്ജ് അപകടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്, ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. റോജി എം. ജോൺ , ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വർക്കല ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജ് തകർന്ന് കുട്ടികളും സ്ത്രീകളും ഉൾപ്പെടെ നിരവധി പേർക്ക് പരിക്കേറ്റ സംഭവം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 09.03.2024 ൽ വർക്കല ബീച്ചിലെ ഫ്ലോട്ടിംഗ് ബ്രിഡ്ജിൽ അപകടം സംഭവിക്കുകയും ചില സഞ്ചാരികൾക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഭവത്തെ തുടർന്ന് ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തുകയും പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കുകയും അവർക്ക് തിരിച്ചുപോകാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. സംഭവത്തെതുടർന്ന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണറിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. വർക്കല ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ പ്രവർത്തനം നിർത്തിയിരിക്കുകയാണ് . |
| (ബി) | ഫ്ലോട്ടിംഗ് ബ്രിഡ്ജ് നിർമ്മിച്ച കരാർ കമ്പനി മാനദണ്ഡങ്ങൾ പാലിച്ചാണോ നിർമ്മാണം നടത്തിയതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഡി.ടി.പി.സിയുടെ നേതൃത്വത്തിലാണ് വർക്കലയിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. കേരള അഡ്വഞ്ചർ ടൂറിസം പ്രോമോഷൻ സൊസൈറ്റി രൂപീകരിച്ച കരട് സുരക്ഷാ മാർഗ്ഗരേഖ പ്രകാരമാണ് കമ്പനി നിർമ്മാണം നടത്തിയിട്ടുള്ളത് എന്നാണ് ഡി.ടി.പി.സി അറിയിച്ചത്. അപകടത്തെതുടർന്ന് ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ പ്രവർത്തനം നിർത്തിവെക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇപ്പോൾ ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ പ്രവർത്തനം നിർത്തിവെച്ചിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | എങ്കിൽ പ്രസ്തുത സംഭവത്തിൽ, നിർമ്മാണത്തിൽ വീഴ്ച വരുത്തിയ കമ്പനിക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഡി.ടി.പി.സിയുടെ നേതൃത്വത്തിലാണ് വർക്കലയിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. കേരള അഡ്വഞ്ചർ ടൂറിസം പ്രോമോഷൻ സൊസൈറ്റി രൂപീകരിച്ച കരട് |

| | | | |
|---|---|---|---|
| | | | **സുരക്ഷാ മാർഗ്ഗരേഖ പ്രകാരമാണ് കമ്പനി നിർമ്മാണം നടത്തിയിട്ടുള്ളത് എന്നാണ് ഡി.ടി.പി.സി അറിയിച്ചത്. അപകടത്തെതുടർന്ന് ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ പ്രവർത്തനം നിർത്തിവെക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇപ്പോൾ ഫ്ലോട്ടിംഗ് ബ്രിഡ്ജിന്റെ പ്രവർത്തനം നിർത്തിവെച്ചിരിക്കുകയാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ